## പതിനാലാം കേരള നിയമസഭ
## 18-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.59** **03.02.2020-ൽ മറുപടിയ്ക്ക്**

### കായലിൽ പതിച്ച മരടിലെ ഫ്ലാറ്റ് അവശിഷ്ടങ്ങൾ

ചോദ്യം
ശ്രീ.ടി.ജെ. വിനോദ് :

(എ) മരടിൽ നിയന്ത്രിത സ്ഫോടനത്തിൽ നാല് ഫ്ലാറ്റുകൾ പൊളിച്ച് നീക്കിയപ്പോൾ അവശിഷ്ടങ്ങൾ കായലിൽ പതിച്ചതും അവശിഷ്ടങ്ങളിൽ നിന്നുള്ള പൊടിയും കായലിന്റെ ജൈവ വ്യവസ്ഥയെ എപ്രകാരമാണ് ബാധിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കായലിൽ വീണ പൊടി താഴെത്തട്ടിലുള്ള ചെറുജീവികളുടെ ആവാസ വ്യവസ്ഥയെ ബാധിക്കുമെന്ന വിദഗ്ധരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ശക്തമായ മഴ ഉണ്ടായാൽ കോൺക്രീറ്റ് കൂനകളിൽ നിന്നുള്ള മാലിന്യം ഒഴുകി കായലിലെത്തുമെന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച ആശങ്ക അകറ്റുന്നതിന് യുക്തമായ നടപടി കൈക്കൊള്ളുമോ; വിശദമാക്കാമോ?

മറുപടി
**പിണറായി വിജയൻ**
(മുഖ്യമന്ത്രി)

(എ), (ബി) & (സി) ഗോൾഡൻ കായലോരം ഫ്ളാറ്റ് പൊളിച്ച് നീക്കിയപ്പോൾ ഉണ്ടായ കോൺക്രീറ്റ് കൂനകളിൽ നിന്നുള്ള മാലിന്യം കായലിലെത്താനുള്ള സാധ്യത കണക്കിലെടുത്ത് trench (1 meter ആഴത്തിൽ) ചെയ്യാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ആൽഫ സെറീൻ ഫ്ളാറ്റ് നിലനിന്നിരുന്ന സ്ഥലത്ത് മുൻകൂട്ടി തന്നെ trench (1 meter ആഴത്തിൽ) ചെയ്തിട്ടുണ്ട്. കോൺട്രാക്ട് പ്രകാരം, മഴയ്ക്ക് മുൻപ് തന്നെ അതായത് മാർച്ച് മാസം അവസാനത്തോടെ മാലിന്യങ്ങൾ പുഴക്കരയിൽ നിന്നും പൂർണ്ണമായും എടുത്തു മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ